Kasargod Taluk Panchayat Officer

297. [471] **Dr. A. Subba Rao :** Will the Minister of Local Administration be pleased to state :

(a) whether the Government are aware that the Taluk, Panchayat Officer of Kasargod Taluk was transferred several times during the last one year and the post of Taluk Panchayat Officer is lying vacant since the last few months and that this adversely effects the normal working of Panchayats in that Taluk ; and

(b) whether the Government will take steps to fill up the post by a Kannada knowing Officer in accordance with the G. O. MS. 506/PD dated 3-10-1962 ?

Answer

(a) Government are aware of the changes of Taluk Panchayat Officer in the Kasargod Taluk for the last one year. The post has since been filled up.

(b) As per G. O. MS. 506/PD dated 3-10-1962 the Officers who have knowledge in Kannada/Tamil can be promoted to the next grade. But once thus promoted cannot be promoted again invoking the same G. O. as per Government directions. Steps would be taken to post Kannada knowing Officer as T. P. O. in Kasargode when qualified hands become available.

പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം

298. [473] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ആരാണ് ;

(ബി) സെക്രട്ടേറിയറിനു മുൻവശത്തുള്ള ഫുട്പാത്തും, റെയിൽവേ സ്റ്റേഷൻ റോഡിലെ ഫുട്പാത്തുകളും ഒടുവിൽ നന്നാക്കിയത് എന്നാണ് ;

(സി) റയിൽവേ സ്റ്റേഷൻ റോഡിന്റെ ഇരുവശത്തും ഓടകൾക്ക് മുകളിൽ സ്ഥാപിച്ചിരുന്ന സ്ലാബുകൾ പലതും ദ്രവിച്ചുപോയത് കാരണം പദയാത്രക്കാർക്ക് അപകടമുണ്ടാകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്ത് നടപടികൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ധനകാര്യ (ഇൻസ്പെക്ഷൻ വർക്സ് വിംഗ്) വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കോർപ്പറേഷൻ എഞ്ചിനീയറുമാണ്.

(ബി) ടി നടപ്പാതകൾ പൊതുമരാമത്തു (നാഷണൽ ഹൈവേ) വകുപ്പിന്റെ അധീനതയിലുള്ളവ ആയതിനാൽ എന്നാണ് അവസാനമായി നന്നാക്കിയത് എന്നറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി), (ഡി) ടി-റോഡ് പൊതുമരാമത്ത് (നാഷണൽ ഹൈവേ) വകുപ്പിന്റെ അധീനതയിലാണ്.

തൈക്കാട് ശ്മശാനത്തിലെ ജാതി തിരിച്ചുള്ള ശവസംസ്ക്കാരം

299 [474] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി രേഖപ്പെടുത്തുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ തൈക്കാട് ശ്മശാനത്തിൽ ജാതി തിരിച്ചാണ് ശവസംസ്ക്കാരം നടത്തുന്നതെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജാതി തിരിച്ചുള്ള ശവസംസ്ക്കാരം നിർത്താൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ജാതി തിരിച്ചുള്ള ശവസംസ്ക്കാരം അനുവദിച്ചിട്ടില്ല.

(ബി), (സി) 'എ' പിരിവിന്റെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

മഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ആഫീസിൽ ഫയൽ കാണാതായത്

300 [475] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ആഫീസിലെ പി. എച്ച്. 7714/84-ാം നമ്പർ ഫയൽ ആഫീസിൽ കാണുന്നില്ലായെന്ന് അറിയുന്നത ശരിയാണോ ;

(ബി) ഈ ഫയൽ കാണാതായതിനെപ്പറ്റി അന്വേഷണം നടത്തുമോ ;

(സി) ഈ ഫയൽ കുന്നംകുളം കോടതിയിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നോ ?

ഉത്തരം

(എ) ശരിയാണ്.

(ബി) അടിയന്തിരമായി ഇതിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(സി) ഇല്ല.

ചിറ്റാക്കോട് പുറമ്പോക്കു ഭൂമി

301 [476] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പഴുതൂർ പഞ്ചായത്തിൽപ്പെട്ട നെയ്യാറിൻകര പൂവാർ റോഡിൽ ചിറ്റാക്കോട് പി. ഡബ്ലിയു. ഡി. പുറമ്പോക്കു ഭൂമി (സർവ്വെ 186/1എ 187 ഐ. എ.) പഞ്ചായത്തിൽ പൊതു ആവശ്യത്തിനുവേണ്ടി വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 30-4-1981-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി റസല്യൂഷൻ പാസാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly